**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6393 — 08.07.2014 ന് മറുപടിയ്ക്ക്

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ സൗർജ്ജവേലി നിർമ്മാണ ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സൗരോർജ്ജവേലി നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും കാഞ്ഞങ്ങാട് മണ്ഡലത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഇതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ; | (എ) സൗരോർജ്ജവേലി നിർമ്മാണത്തിന് വനം വകുപ്പിൽ നിന്നും കാഞ്ഞങ്ങാട് മണ്ഡലത്തിനായി 2014-15 സാമ്പത്തികവർഷം ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ.കഴിഞ്ഞ 2013-14 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ അനുവദിക്കുകയും മുഴുവൻ തുകയും വിനിയോഗിച്ചുകൊണ്ട് സൗരോർജ്ജവോലി നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട് |
| (ബി) മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് സൗരോർജ്ജവേലി നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) 2013-14 വർഷം പനത്തടി സെക്ഷനിലെ റാണിപുരം, പെരുതടി എന്നീ സ്ഥലങ്ങളിൽ 7.5 കി.മീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. 2014-15 വർഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, രൂക്ഷമായ വന്യമൃഗശല്യമുള്ള പ്രദേശങ്ങൾ നോക്കി മുൻഗണന നൽകി സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ